**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിൽ ദിവസവേതന വ്യവസ്ഥയിൽ ജോലിചെയ്യുന്ന ശ്രീ. സുരേഷ് കുമാർ. ബി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 2113/2015 - ാം നമ്പർ കേസ്സിൻമേലുള്ള 23.12.2015-ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സഉ(ആർ.ടി) നം. 3476/2016/തസ്വഭവ** **തീയതി, തിരുവനന്തപുരം, 21.12.2016**

---

പരാമർശം :
1) 25/11/2005 ലെ സഉ(പി) 501/05/ധന നമ്പർ ഉത്തരവ്.
2) 09/02/2010 ലെ ലെ സഉ(പി) 61/2010/ധന നമ്പർ ഉത്തരവ്.
3) OA 2113/2015 -ാം നമ്പർ കേസ്സിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 23.12.2015 ലെ ഉത്തരവ്.
4) പഞ്ചായത്ത് ഡയറക്ടറുടെ 17.10.2016, 09.12.2016 തീയതികളിലെ ഇ 9-3360/2016 നം. കത്ത്.

### <u>ഉത്തരവ്</u>

കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പർ ആയി ജോലിചെയ്യുന്ന ശ്രീ സുരേഷ് കുമാർ. ബി സമർപ്പിച്ച OA 2113/2015 അപേക്ഷയിൽ പരാമർശം (3) പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ചിട്ടുള്ള 23.12.2015-ലെ ഉത്തരവിൽ അപേക്ഷകൻ സമർപ്പിച്ച അനക്സർ എ 17 നിവേദനം ഒന്നാം കക്ഷിയായ സർക്കാരിന് ഉത്തരവ് കൈപ്പറ്റി 2 ആഴ്ചയ്ക്കകം സമർപ്പിക്കുവാൻ രണ്ടാം കക്ഷിയായ പഞ്ചായത്ത് ഡയറക്ടറോടും പ്രസ്തുത നിവേദനം ലഭിച്ച് 2 മാസത്തിനകം നിവേദനം പരിഗണിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാരിനോടും നിർദ്ദേശിച്ച് അപേക്ഷ തീർപ്പാക്കിയിരുന്നു.

പരാമർശം (4) ലെ കത്ത് പ്രകാരം അനക്സർ എ 17 ന്റെ അടിസ്ഥാനത്തിലുള്ള പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടർ 22.10.2016 ൽ സർക്കാരിൽ ലഭ്യമാക്കി. ശ്രീ. സുരേഷ് കുമാർ. ബി വിളക്കുടി ഗ്രാമപഞ്ചായത്തിൽ 1998 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ട്രാക്ടർ ക്ലീനറായി ജോലി ചെയ്ത് വരികെ 01.09.2002 മുതൽ ടിയാളെ ടി പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പറായി നിയമിക്കുകയും ടി ജോലി ചെയ്ത് വരികയാണെന്നും ആയതിനാൽ ടിയാളെ വിളക്കുടി ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി നിയമനം ക്രമവൽക്കരിക്കണമെന്നും അനക്സർ എ 17 നിവേദനത്തിൽ അപേക്ഷകൻ അഭ്യർത്ഥിച്ച ശ്രീ. സുരേഷ് കുമാർ. ബി യെ വിളക്കുടി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 31.08.2002-ലെ IX നമ്പർ തീരുമാനപ്രകാരം മാർക്കറ്റ് സ്വീപ്പറായിട്ടാണ് നിയമിച്ചിട്ടുള്ളതെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(മറുപുറം...)

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. സുരേഷ് കുമാർ. ബി യെ വിളക്കുടി ഗ്രാമപഞ്ചായത്തിൽ 01.09.2002 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ മാർക്കറ്റ് സ്വീപ്പറായിട്ടാണ് നിയമിച്ചിട്ടുള്ളത്. പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം 'മാർക്കറ്റ് ' എന്നത് 'ഓഫീസ് ' എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ മാർക്കറ്റ് സ്വീപ്പർമാരെ പരാമർശം (1), (2) എന്നീ ഉത്തരവുകൾ പ്രകാരം പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്താൻ വ്യവസ്ഥയില്ല. കൂടാതെ ബഹു. സുപ്രീം കോടതിയുടെ State of Karnataka Vs Umadevi (AIR 2006 SC 1806) കേസ്സിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക നിയമനങ്ങൾ ക്രമവൽക്കരിക്കുന്നതിന് നിയന്ത്രണങ്ങളുണ്ട്. ആയതിനാൽ വിളക്കുടി ഗ്രാമപഞ്ചായത്തിലെ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത് വന്നിരുന്ന സ്വീപ്പർ ശ്രീ. സുരേഷ് കുമാർ. ബി യെ ടി പഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പറായി സ്ഥിരപ്പെടുത്തി നിയമനം ക്രമവൽക്കരിക്കണമെന്ന അനക്സർ എ 17 നിവേദനത്തിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

OA 2113/2015 നമ്പർ അപേക്ഷയിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ചിട്ടുള്ള 23.12.2015 ലെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**രമേശൻ. എം.കെ**
ഗവ. ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, വഞ്ചിയൂർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം ജില്ല.
സെക്രട്ടറി, വിളക്കുടി ഗ്രാമ പഞ്ചായത്ത്, കൊല്ലം ജില്ല.
ശ്രീ. സുരേഷ് കുമാർ. ബി, പാർട്ട് ടൈം സ്വീപ്പർ, വിളക്കുടി ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല.
(സെക്രട്ടറി, വിളക്കുടി ഗ്രാമ പഞ്ചായത്ത് മുഖേന)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(ഫയൽ. നം. ഇപിഎ 2/9/2016/തസ്വഭവ)

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ